**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **08-08-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പ്രവാസികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) | പ്രവാസികളുടെ ക്ഷേമത്തിനായി 2023-2024 സാമ്പത്തിക വർഷത്തിൽ കേരളീയ പ്രവാസികാര്യ വകുപ്പ് മുഖാന്തിരം ചുവടെ വിശദമാക്കുന്ന രണ്ട് പദ്ധതികൾ പുതുതായി നടപ്പിലാക്കുന്നുണ്ട്.<br><br>**(I) നോർക്ക ശുഭയാത്ര**<br><br>അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ അവരെ സഹായിക്കുന്നതിനായി ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ 2 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന നോർക്ക ശുഭയാത്ര പദ്ധതിയിൽ ചുവടെ ചേർക്കുന്ന 2 സോഫ്റ്റ് ലോൺ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**(i) നോർക്ക ശുഭയാത്ര (Skilling Support Scheme)**- ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിങ് അസിസ്റ്റൻസ് സോഫ്റ്റ് ലോൺ - വിദേശ രാജ്യങ്ങളിൽ തൊഴിലിന് ആവശ്യമായ നൈപുണ്യ പരിശീലനത്തിനായും, തൊഴിലുമായി ബന്ധപ്പെട്ട പരീക്ഷയുടെ ചിലവുകൾക്കായും നൽകുന്ന സോഫ്റ്റ് ലോൺ.<br><br>**(ii) നോർക്ക ശുഭയാത്ര (Travel Support Scheme)** - തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി ചെലവുകൾ വഹിക്കാനായി നൽകുന്ന സോഫ്റ്റ് ലോൺ. രജിസ്റ്റേർഡ് റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വായ്പ.<br><br>പ്രസ്തുത പദ്ധതി മുഖാന്തിരമുള്ള വായ്പകളുടെ ആദ്യത്തെ ആറ് മാസത്തെ മുഴവൻ പലിശയും 4 |

| | | | |
|---|---|---|---|
| | | | വർഷത്തേക്ക് 4% പലിശ സബ്സിഡിയും സർക്കാർ വഹിക്കുന്നു. പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**(II) നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതി (NAME):-**<br><br>പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങിയെത്തിയവർക്ക് കേരളത്തിലുള്ള സംരംഭങ്ങളിൽ ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ സഹായകരമായ നൂതന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാസികളുടെ അറിവും അനുഭവപരിചയവും സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതോടൊപ്പം പ്രവാസികൾക്ക് കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയിൽ ഒരു വർഷം പൂർണ്ണമായും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് 100 ദിവസത്തെ വേതനം നിബന്ധനകൾക്ക് വിധേയമായി Wage compensation ആയി നൽകുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതി നടത്തിപ്പിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ വിവിധ പദ്ധതികളിലായി പ്രവാസികൾക്കായി ഇതുവരെ എത്ര തുക, ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. [അനുബന്ധം 1 & 2] |
| (സി) | വിവിധ പദ്ധതികളിലായി വിവിധ സഹായങ്ങൾക്കായി പ്രവാസികൾ നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സമയബന്ധിതമായി പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | വിവിധ പദ്ധതികളിലായി വിവിധ സഹായങ്ങൾക്കായി പ്രവാസികൾ നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**Plan Allocation & Expenditure Details- NORKA Department 2021-22 - *Plan Schemes***

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവായ തുക |
|---|---|---|
| **1** | **3** | **5** |
| 1 | Norka Cell New Delhi | 10,41,650 |
| 2 | Rehabilitation of Returnee Migrants | 19,00 ,00,000 |
| 3 | Strengthening of NORKA Roots Head Quarters and Satellite Offices | 2,00,00,000 |
| 4 | Job Portal and Oversease Recruitment Project | 37,52,652 |
| 5 | 24 Hour Helpline/ Call Centre and NRK Grievance Redressal Cell | 96,91,082 |
| 6 | The Pravasi Legal Aid Cell (PLAC) | 18,82,692 |
| 7 | NRI(K)Commission | 34,47,142 |
| 8 | Santhwana Scheme | 30,00,00,000 |
| 9 | Skill Up gradation and Reintegration Training for NRKs. | 1,72,52,281 |
| 10 | NORKA Business Facilitation Centre | 63,83,776 |
| 11 | NRK Welfare Fund | 8,50,00,000 |
| 12 | Pravasi Housing Scheme | 0 |
| 13 | Awareness Campaign on illegal recruitment and visa check | 36,27,336 |
| 14 | Rehabilitation, Re integration and coordination of NRKs | 49,99,97,692 |
| 15 | Emergency Ambulance Service at Air Port | 37,57,331 |
| 16 | Global Kerala Cultural Festival | 0 |
| 17 | Norka General Fund | 0 |
| 18 | Emergency Repatriation fund for NRKs | 5,29,35,856 |
| 19 | Market Research,Skilling,Pre-Recruitment and Post Recruitment Services | 23,74,427 |
| 20 | Loka Kerala Sabha | 3,94,903 |
| 21 | Norka Roots Directors scholarship | 20,00,000 |
| 22 | Pravasi Divident Scheme through NRK Welfare Board | 2,00,00,000 |
| 23 | Assistance to Pravasi Samghams | 3,57,65,982 |
| 24 | Loka Kerala Kendram | 50,00,000 |
| | | **1,26,43,04,802** |

## **Plan Allocation & Expenditure Details- NORKA Department 2022-23 - *Plan Schemes***

| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ചെലവായ തുക** |
|---|---|---|
| **1** | **3** | **5** |
| 1 | Norka Cell New Delhi | 3225477 |
| 2 | Rehabilitation of Returnee Migrants | 16,29,61,422 |
| 3 | Strengthening of NORKA Roots Head Quarters and Satellite Offices | 13000000 |
| 4 | Job Portal and Oversease Recruitment Project | 7130000 |
| 5 | 24 Hour Helpline/ Call Centre and NRK Grievance Redressal Cell | 9750000 |
| 6 | The Pravasi Legal Aid Cell (PLAC) | 2755527 |
| 7 | NRI(K)Commission | 487048 |
| 8 | Santhwana Scheme | 261873414 |
| 9 | Skill Up gradation and Reintegration Training for NRKs. | 15747192 |
| 10 | NORKA Business Facilitation Centre | 10500000 |
| 11 | NRK Welfare Fund | 55800000 |
| 12 | Pravasi Housing Scheme | 1500000 |
| 13 | Awareness Campaign on illegal recruitment and visa check | 65,00,000 |
| 14 | Rehabilitation, Re integration and coordination of NRKs | 29,59,98,031 |
| 15 | Emergency Ambulance Service at Air Port | 3900000 |
| 16 | Global Kerala Cultural Festival | 3902024 |
| 17 | Norka General Fund | 268000 |
| 18 | Emergency Repatriation fund for NRKs | 3119023 |
| 19 | Market Research,Skilling,Pre-Recruitment and Post Recruitment Services | 9551909 |
| 20 | Loka Kerala Sabha | 12721840 |
| 21 | Norka Roots Directors scholarship | 1991667 |
| 22 | Pravasi Dividend Scheme through NRK Welfare Board | 310,00,000 |
| 23 | Assistance to Pravasi Samghams | 3626430 |
| 24 | Loka Kerala Kendram | 2796171 |

| | | |
|---|---|---|
| 25 | Overseas Kerlaites’ Investment & Holding Ltd. - Share Capital | 68900000 |
| 26 | Overseas Kerlaites’ Investment & Holding Ltd. - Share Capital (GoK) | 10000000 |
| | | **999005175** |

**BE Rs.1475100000+AA Rs. 72076000=Rs.1,54,71,76,000**